LIBRARY ARCHIVES Kerala Legislative Assembly

ആലുവ ശിവരാത്രിയോടനുബന്ധിച്ച് ദേവസ്വം ബോർഡിന്റെ വരുമാനം

231(439) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ ശിവരാത്രിയോടനുബന്ധിച്ച്, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ വരുമാനം വർഷം തിരിച്ച് എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക ഏതൊക്കെ ഇനങ്ങളിലാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ശിവരാത്രിയോടനുബന്ധിച്ച് തിരുവിതാംകൂർ ദേവസ്വത്തിന് എത്ര തുക ഏതൊക്കെ കാര്യങ്ങൾക്ക് കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോവർഷവും ചെലവഴിക്കേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വർഷം	തുക
2005-06	34,22,995
2006-07	27,72,508
2007-08	40,19,651
2008-09	50,82,285
2009-10	52,00,013

(ബി) അനുബന്ധം(1) ആയി ചേർത്തിട്ടുണ്ട്.*

(സി) അനുബന്ധം(2) ആയി ചേർത്തിട്ടുണ്ട്.*

ആലുവ മണപ്പുറത്തേയ്ക്കുള്ള നടപ്പാത

232 (440) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ ശിവരാത്രിയോടനുബന്ധിച്ച് ആലുവ നഗരത്തിൽ നിന്ന് ശിവരാത്രി മണപ്പുറത്തേക്ക് പെരിയാറിന് കുറുകെ താൽക്കാലിക നടപ്പാത നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഈ താൽക്കാലിക നടപ്പാത നിർമ്മിക്കുന്നതിന് തിരുവിതാകൂർ ദേവസ്വത്തിൽ നിന്ന് ധനസഹായം നൽകുന്നതിന് നിർദ്ദേശം നൽകുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ മുന്നരവർഷം നടപ്പാക്കിയ ഈ താൽക്കാലിക നടപ്പാത യുടെ നിർമ്മാണം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാരിന്റെ പരിഗണനയിലില്ല.

(ബി&സി) ആലുവ ശിവരാത്രി മണപ്പുറത്ത് പെരിയാറിനു കുറുകെയുള്ള താൽക്കാലികപാലം ആലുവ മുനിസിപ്പാലിറ്റിയുടെ ചുമതലയിലാണ് എല്ലാ വർഷവും നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. ഇത്തവണ മുനിസിപ്പാലിറ്റിക്ക് ഈ ജോലി ഏറ്റെടുക്കുവാൻ കഴിയുകയില്ല എന്ന നിലപാട് സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രോപദേശക സമിതിയുടെ ആഭിമുഖ്യത്തിൽ താല്കാലികപാലം നിർമ്മിക്കുവാൻ ബോർഡിൽ തീരുമാനമായിട്ടുണ്ട്.

മുളങ്കുശ്ശേരം ശിവക്ഷേത്ര ഭരണം

233(441) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളങ്കുശ്ശേരം ശിവക്ഷേത്രഭരണം ഇപ്പോൾ ആരാണ് നടത്തിവരുന്നത് ;

(ബി) ക്ഷേത്രഭരണം ദേവസ്വം ബോർഡ് ഏറ്റെടുത്തിട്ടുണ്ടോ ;

(സി) ക്ഷേത്രഭരണം സംബന്ധിച്ച് കോടതി എന്തെങ്കിലും വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതു നടപ്പിലാക്കിയിട്ടുണ്ടോ ; വിശദ വിവരങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ശ്രീ മുളങ്കുശ്ശേരം ശിവക്ഷേത്രത്തിന്റെ ഭരണം ഇപ്പോൾ തളിപ്പറമ്പ് ക്ഷേത്രസമിതിയുടെ കൈവശമാണ്.

(ബി) ഇല്ല. ക്ഷേത്രഭരണം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(സി) ഉണ്ട്. ശ്രീ മുളങ്കുശ്ശേരം ശിവക്ഷേത്രഭരണം ദേവസ്വത്തിലെ പാരമ്പര്യത്തെ ട്രസ്റ്റി നിയമന പ്രക്രിയയുമായി മുന്നോട്ട് പോകുവാൻ മലബാർ ദേവസ്വം ബോർഡിന് അനുവാദം നൽകിക്കൊണ്ടും ഇക്കാര്യത്തിൽ ടി ദേവസ്വം പാരമ്പര്യ ട്രസ്റ്റിയുമായി കൂടിക്കാഴ്ച നടത്തണമെന്നും ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. തളിപ്പറമ്പ് ക്ഷേത്ര സംരക്ഷണ സമിതിയിലെ അംഗങ്ങൾ മേൽ നിയമനത്തിന് യോഗ്യരെങ്കിൽ അവരെയും നിയമനത്തിന് പരിഗണിക്കാവുന്നതാണെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. മേൽ കോടതി വിധി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly